# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1333 — 20.01.2014 ൽ - മറുപടിക്ക്

## എ.പി.എൽ, ബി.പി.എൽ, എ.എ.വൈ റേഷൻ കാർഡുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | നിലവിൽ സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻ കാർഡുകൾ ഉണ്ട്; ഇതിൽ എ. പി.എൽ., ബി.പി.എൽ, എ.എ.വൈ എന്നിവ തരംതിരിച്ച് എണ്ണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 82,25,612 റേഷൻ കാർഡുകളുണ്ട്.<br>എ.പി.എൽ. - 61,54,369<br>ബി.പി.എൽ. - 14,79,553<br>എ.എ.വൈ. - 5,91,690 |
| (ബി) | 2013 വർഷം എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ ആക്കി നൽകിയിട്ടുണ്ട്; | (ബി) | 2013 വർഷം 36,422 എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകിയിട്ടുണ്ട്. |
| (സി) | എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) | ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പാണ്. ടി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതാണ്. |
| (ഡി) | ബി.പി.എൽ. കാർഡുടമകൾക്ക് നൽകാനായി പ്രതിമാസം കേന്ദ്ര ഗവൺമെന്റ് എത്ര ടൺ അരിയാണ് അനുവദിച്ചു നൽകുന്നത്; | (ഡി) | 38706 മെ.ടൺ അരിയാണ് കേന്ദ്രം ബി.പി.എൽ. കാർഡുകൾക്ക് നൽകുന്നതിനായി പ്രതിമാസം നൽകുന്നത്. |
| (ഇ) | ഇതുപ്രകാരം ഓരോ ബി.പി.എൽ. കാർഡിനും മാസത്തിൽ എത്ര കിലോ അരി നൽകാൻ കഴിയും; ബി.പി.എൽ. കാർഡുകൾ കൂടുന്നതിനനുസരിച്ച് കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | ഇതുപ്രകാരം ഓരോ ബി.പി.എൽ. കാർഡിനും മാസത്തിൽ 25 കിലോ അരി നൽകുവാൻ കഴിയും. ബി.പി.എൽ. കാർഡുകൾ കൂടുന്നതിനനുസരിച്ച് ആവശ്യമുള്ള അരി അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കേണ്ടതുണ്ട്. |
| (എഫ്) | എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (എഫ്) | ബാധകമല്ല |

സെക്ഷൻ ഓഫീസർ